

ഭങ്ങൾക്ക് മൂലധനമായി 2.00 ലക്ഷം രൂപവരെയും, ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10.00 ലക്ഷം രൂപവരെയും വായ്പ ലഭ്യമാക്കുന്നതാണ്. സൂക്ഷ്മ സംരംഭത്തിന്റെ ആസ്തികൾക്കു പുറമെ മറ്റൊരു ജാമ്യവും ബാങ്ക് വായ്പക്കായി നൽകേണ്ട ആവശ്യമില്ല. നിലവിൽ ബാങ്കുകളിലെ സമകാലീന വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് പലിശ സബ്സിഡിയായി നൽകുന്നത്.

അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ എടുക്കുന്നതിന് 4% പലിശ സബ്സിഡി നൽകുന്നുണ്ട്. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് വായ്പകളുടെ പലിശ, സബ്സിഡി ആയി ദേശീയനഗര ഉപജീവന മിഷൻ നൽകും. നഗരങ്ങളിലെ പാവപ്പെട്ടവരുടെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക. കൂടാതെ വായ്പ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്ന എല്ലാ വനിതാ സ്വയംസഹായ സംഘങ്ങൾക്കും 3% പലിശ കിഴിവ് അനുവദിക്കുന്നതാണ്.

### 5. നഗരപ്രദേശത്തെ വീടില്ലാത്ത പാവപ്പെട്ടവർക്ക് കമ്മ്യൂണിറ്റി ഷെൽട്ടർ (Scheme of Shelter for Urban Homeless – SUH) :

അടിസ്ഥാന സൗകര്യങ്ങളോ പാർപ്പിടസൗകര്യങ്ങളോ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പരിരക്ഷയോ ഇല്ലാതെ ജീവിക്കുന്ന നഗരങ്ങളിലെ ഭവനരഹിതരായ ദരിദ്രർക്ക് അഭയകേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്. ഭവന രഹിതർ വന്നു ചേരുന്നതും ജീവിക്കുന്നതുമായ മേഖലകളിൽ നഗരസഭയ്ക്ക് ഭൂമി ലഭ്യമാണെങ്കിൽ, അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം (100%) ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

നഗരസഭയിൽ ഭൂമി ലഭ്യമാക്കുന്ന പക്ഷം പുതിയ കെട്ടിടത്തിന് എസ്റ്റിമേറ്റിന് വിധേയമായി 150 ലക്ഷം രൂപയും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും 50 ലക്ഷം രൂപയും പദ്ധതി പ്രകാരം അനുവദിക്കുന്നു. കൂടാതെ ഷെൽട്ടറിന്റെ നടത്തിപ്പിനായി ഒരു വർഷം 6 ലക്ഷം രൂപ നിരക്കിൽ 5 വർഷത്തേയ്ക്ക് 30 ലക്ഷം രൂപ പരിപാലന ഫണ്ടായും അനുവദിക്കുന്നതാണ്. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അഭയകേന്ദ്രങ്ങൾക്കും ടി പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലന ഫണ്ട് അനുവദിക്കാവുന്നതാണ്.



### 6. വഴിയോരകച്ചവടക്കാർക്ക് സഹായം (Support to Urban Street Vendors):

നഗരത്തിലെ തെരുവ് കച്ചവടക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നഗരത്തിന്റെ സ്വഭാവിക പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത രീതിയിൽ തെരുവ് കച്ചവടക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടി കച്ചവടം നടത്തുന്നതിന് സ്ഥലം അനുവദിക്കുകയും ഇവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ഇതിലൂടെ ചെയ്യുന്നു. കൂടാതെ ആവശ്യമെങ്കിൽ ഇവർക്ക് ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനങ്ങളും



ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കലും സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തലും ഇതിന്റെ ഭാഗമായി നൽകുന്നതാണ്

വഴിയോരകച്ചവടക്കാർക്ക് അനുകൂലമായ സിറ്റി പ്ലാൻ, ഐ.ഡി കാർഡ്, മാതൃകാ തെരുവ് വാണിഭ കേന്ദ്രങ്ങൾ, സ്വയംതൊഴിൽ പദ്ധതികൾ, സാമൂഹ്യസുരക്ഷാപദ്ധതികൾ എന്നിവ പദ്ധതിയുടെ ഭാഗമാണ്. ഇതിനാവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും പദ്ധതി പ്രകാരം നഗരസഭകൾക്ക് ലഭിക്കുന്നതാണ്.

### 7. പുതുമയുള്ള പദ്ധതികൾക്കുള്ള ധനസഹായം

വലിയ തരത്തിൽ ജോലി ആവശ്യമുള്ളതും സുസ്ഥിരതയുള്ളതും നൂതനവുമായ പദ്ധതികൾക്ക് 100% സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകുന്നു. ഇതിനുള്ള ഡിപിആർ നഗരസഭകൾ തയ്യാറാക്കി കുടുംബശ്രീ സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
കുടുംബശ്രീ




കുടുംബശ്രീ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ
ട്രിഡ ബിൽഡിംഗ്, ചാലക്കുഴി റോഡ്,
മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം 695 011
ഫോൺ: 0471 2554714 – 17
www.kudumbashree.org

# ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന മിഷൻ

## Deen Dayal Antyodaya Yojana National Urban Livelihood Mission (NULM)



## ദേശീയ നഗര ഉപജീവന മിഷൻ

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ടി കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. എസ്ജെഎസ്ആർവൈയുടെ തുടർ പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിലാണ് കേരളത്തിൽ നടപ്പിലാക്കിവരുന്നത്.



എൻയുഎൽഎം പദ്ധതിഗുണഭോക്താക്കൾ നഗര ദരിദ്രരാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ, നഗരത്തിലെ ഭവന രഹിതർ, തെരുവു കച്ചവടക്കാർ തുടങ്ങി നഗര ദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പദ്ധതി അഭിസംബോധന ചെയ്യുന്നു.

50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർ എൻയുഎൽഎം പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഗുണഭോക്താക്കൾ വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റിന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി ഹാജരാക്കിയാൽ മതിയാകും.



## NULM പദ്ധതിയുടെ പ്രധാനഘടകങ്ങൾ

### 1. സാമൂഹിക സംഘാടനവും സ്ഥാപനവികസനവും (Social Mobilization and Institution Development SM&ID) :

നഗരദരിദ്രരെ ഉൾപ്പെടുത്തികൊണ്ട്, വാർഡ് തലത്തിലോ, ചേരിപ്രദേശം കേന്ദ്രീകരിച്ചോ 10-20 അംഗങ്ങളുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും പ്രവർത്തനക്ഷമമല്ലാത്ത അയൽക്കൂട്ടങ്ങളെ കണ്ടെത്തി പ്രവർത്തനക്ഷമമാക്കുകയും, ഇവർക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുന്നതാണ് പ്രസ്തുത ഘടകത്തിന്റെ പ്രധാന ലക്ഷ്യം.

രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങളിൽ 70% അംഗങ്ങൾ നഗരപ്രദേശത്തെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർ ആയിരിക്കണം.



### പ്രവർത്തനങ്ങൾ:-

- **എല്ലാ നഗര ദരിദ്രർക്കും ബാങ്ക് അക്കൗണ്ട് ആരംഭിക്കൽ.**
- **ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധം ഉറപ്പുവരുത്തൽ.**
- **സംഘടനാ ശാക്തീകരണവുമായി ബന്ധപ്പെട്ട് പരിശീലന ക്ലാസ്സുകളും പ്രത്യേക ക്ലാസുകളും സംഘടിപ്പിക്കൽ.**
- **അയൽക്കൂട്ട യോഗങ്ങൾ കൃത്യമായി സംഘടിപ്പിച്ച് ഇവരുടെ മികവ് വിലയിരുത്തി ഗ്രേഡിംഗ് സംവിധാനം ഒരുക്കൽ, അതിലൂടെ ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ ലഭ്യമാക്കൽ.**
- **എല്ലാ അംഗങ്ങൾക്കും ഹെൽത്ത്/ലൈഫ് ഇൻഷ്വറൻസ് എടുക്കുന്നതിന് സഹായിക്കൽ.**

### പദ്ധതിയിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

- പുതിയതായി അയൽക്കൂട്ടം രൂപീകരിക്കുന്നതിന് 10,000/- രൂപയുടെ സഹായം
- അയൽക്കൂട്ടങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് 8,000/- രൂപയുടെ ധനസഹായം
- അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട്. (പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്ക്)
- എഡിഎസ്സുകൾക്ക് 50,000 /- രൂപ റിവോൾവിംഗ് ഫണ്ട്.

പ്രസ്തുത തുക അയൽക്കൂട്ടങ്ങളുടെ / എഡിഎസ്സുകളുടെ മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തുക വായ്പയായി ലഭ്യമാക്കുന്നതിനും സാധിക്കും.

### 2.ശാക്തീകരണ പ്രവർത്തനവും, പരിശീലനങ്ങളും (Capacity Building and Training CB&T):

സംസ്ഥാനതലത്തിലും (SMMU), തെരെഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലും (CMMU) മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഗുണഭോക്താക്കളെ ബോധവൽക്കരണത്തിലൂടെ ശക്തിപ്പെടുത്തി പദ്ധതി പ്രവർത്തനത്തിന്റെ ഗുണഭോക്താക്കളാക്കുക എന്നതും നഗരസഭയെയും സംസ്ഥാന മിഷനേയും ശക്തിപ്പെടുത്തുകയെന്നതുമാണ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രധാന ലക്ഷ്യം.



### 3. വിദഗ്ദ്ധ പരിശീലനത്തിലൂടെയും, പ്ലേസ്മെന്റ് സഹായത്തിലൂടെയും തൊഴിൽ (Employment Through Skills Training and Placement EST&P):

നഗരദരിദ്രരായ എല്ലാ തൊഴിൽ രഹിതർക്കും തൊഴിൽ പരിശീലനം നൽകി വിവിധ മേഖലകളിൽ വേതനാടിസ്ഥാനത്തിലുള്ള തൊഴിൽ നേടുവാനോ, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനോ പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നൈപുണ്യ പരിശീലനത്തിനുള്ള ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിന് കുറഞ്ഞതോ കൂടിയതോ ആയ വിദ്യാഭ്യാസ യോഗ്യതാ പരിധികൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല.

വ്യക്തികളുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ പരിശീലനങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഓറിയന്റേഷൻ ക്ലാസ്സുകളും കൗൺസിലിംഗും നൽകി ഇതിനാവശ്യമായ പരിശീലന സ്ഥാപനങ്ങളെ എംപാനൽ ചെയ്തു പരിശീലനം നൽകുകയാണ് ഇതിലൂടെ





ചെയ്യുന്നത്. വിവിധ വ്യാവസായിക സെക്ടർ സ്കിൽ കൗൺസിലുകൾ ഓരോ മേഖലയിലും ദേശീയ തൊഴിൽ മാനദണ്ഡങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ചാണ് തൊഴിൽ പരിശീലനങ്ങളുടെ പാഠ്യ പദ്ധതി.

തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കോഴ്സുകളുടെ ദൈർഘ്യം ശരാശരി 3 മാസം (ഏകദേശം 430 മണിക്കൂർ) ആയിരിക്കും. അടിസ്ഥാനപരമായ ആശയ വിനിമയം (ഇംഗ്ലീഷിലും, മലയാളത്തിലും), അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, തൊഴിൽ മര്യാദകൾ, സാമ്പത്തിക സാക്ഷരത തുടങ്ങിയ വിഷയങ്ങളിൽ ഉള്ള പരിശീലനം എല്ലാ നൈപുണ്യ പരിശീലനത്തോടൊപ്പവും നൽകും.

കൂടാതെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വ്യക്തികൾക്ക് ദേശീയ അംഗീകാരമുള്ള സർട്ടിഫിക്കറ്റും (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയനിംഗ് (എൻസിവിടി) നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (എൻഎസ്ഡിസി) സെക്ടർ സ്കിൽ കൗൺസിലുകൾ തുടങ്ങിയ കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഏജൻസികൾ പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും) തൊഴിലും (70% പേർക്ക്) ഉറപ്പുവരുത്തുന്നു.

### 4.സ്വയം തൊഴിൽ പദ്ധതി (Self Employment Programme SEP):

നഗരദരിദ്രർക്ക് വരുമാനദായ പ്രവർത്തനം എന്ന നിലയിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി ഘടകം. വ്യക്തിഗതമായോ, ഗ്രൂപ്പായോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇവർക്ക് ആവശ്യമായ സംരംഭകത്വ പരിശീലനം (ഇഡിപി), വൈദഗ്ദ്ധ്യ പരിശീലനം എന്നിവ അക്രെഡിറ്റഡ് ഏജൻസികളുടെ സഹായത്തോടെ ലഭ്യമാക്കി, സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതാണ്.

നഗര പ്രദേശങ്ങൾക്ക് അനുയോജ്യവും വിജയസാധ്യതയുള്ളതുമായ സംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായവും ലഭ്യമാക്കുന്നതാണ്. വ്യക്തിഗത സംരം